# വിമോചനം

കേരളത്തിലെ നവോത്ഥാനപ്രസ്ഥാനങ്ങളും, നവചിന്തകളും, നവോത്ഥാന മുന്നേറ്റങ്ങളുമെല്ലാം വലിയൊരു അസ്തിത്വ പ്രതിസന്ധിയുടെ ദിശാസന്ധിയിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുന്ന ഈ പുതിയ കാലഘട്ടത്തിന് പ്രസക്തിയേറിവരികയാണ്. നവോത്ഥാനം എന്നാൽ മനുഷ്യവംശത്തെ നിരന്തരം പുതുക്കി ചുറ്റുമുള്ള സാമൂഹ്യ വ്യവസ്ഥിതി അവനുമേൽ വർഷിച്ച മനുഷ്യവംശത്തിന്റെ പുരോഗതിക്ക് വിഘാതമായി നിൽക്കുന്ന മിഥ്യാധാരണകളിൽ നിന്നും അവനെ ഉണർത്തുന്ന ഒരു പ്രക്രിയയാണ്. അത് കേവലം ദശകങ്ങൾ കൊണ്ടോ ഏതാനും മുന്നേറ്റങ്ങൾകൊണ്ടോ അവസാനിച്ചുപോകേണ്ട ഒന്നല്ല മറിച്ച് ഈ കാലം നിലനിൽക്കുന്ന കാലത്തോളം അനസ്യൂതം തുടർന്നുപോകേണ്ട മഹത് പ്രക്രിയയാണ്.

കൊളോണിയൽ അധിനിവേശം ഊട്ടിയുറപ്പിച്ച അവരുടെ സാമ്രാജ്യത്വ മോഹങ്ങളുടെ കൂടി ഉത്പന്നമായിരുന്ന ജാതി വേർ

കൊയ്ക്ക്

ഒരു പ്രതിവിധി വേണം, എന്നും ഉയർന്ന ജാതി
ക്കാരെന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്നവരാൽ
മനുഷ്യജീവിതത്തിന്റെ അന്തസ്സുപോലും നഷ്ട
പ്പെട്ട അവസ്ഥയിൽ പാർശ്വവത്ക്കരിക്കപ്പെട്ട്
ജീവിച്ചിരുന്ന ഒരു ജനവിഭാഗത്തിന്റെ വിമോച
ന സ്വപ്ന സാക്ഷാത്കാരം. എന്നീ ആദർശങ്ങ
ളുടെ ആണികളിൽ പടുത്തുയർത്തപ്പെട്ട ഒന്നാ
ണ് കേരള നവോത്ഥാനം. ശ്രീനാരായണ ഗുരു,
അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ, മന്നത്ത്
പദ്മനാഭൻ തുടങ്ങി വിവിധ കാലഘട്ടങ്ങ
ളിലും, വിവിധ ആശങ്ങളിലും ഊന്നിനിന്നി
രുന്ന വ്യക്തികൾ ഊടും പാവും നെയ്തെടുത്ത
ഒരു പ്രക്രിയയിലൂടെ കടന്നുപോയി ഒരു വലി
യ അളവിൽ ഇത്തരം ചങ്ങലപ്പൂട്ടുകളിൽ
നിന്നെല്ലാം വിമോചനം നേടിയ കേരള ദേ
ശത്തിന്റെ വർത്തമാനം അത്ര സുഖകര
മല്ല എന്ന ആശാവഹമല്ലാത്ത സാഹചര്യ
ത്തിലാണ് നാമിന്ന് ജീവിക്കുന്നത്.

വലിയൊരു പരിവർത്തന പ്രക്രിയയിലൂടെ കടന്നുപോയ ഈ സമൂഹം ഇന്ന് വീണ്ടുമൊരു തിരിച്ചുപോക്കിന്റെ പാതയിലാണ്. രാഷ്ട്രീയ സാമ്പത്തിക താത്പര്യങ്ങൾ വഴിയൊരുക്കുന്ന ഈ തിരിച്ചുപോക്കിന് ആക്കം കൂട്ടുന്ന പ്രവർത്തനങ്ങളാണ് നവോത്ഥാന പാരമ്പര്യം പേറുന്ന പല സംഘടനകളിൽ നിന്നും ഇന്നും ഉണ്ടാകുന്നത്. എന്തുകൊണ്ട് ഈ കാലത്ത് മനുഷ്യൻ ജാതിയുടെയും മതത്തിന്റെയും പേരിൽ വേർതിരിക്കപ്പെടുന്നു. അല്ലെങ്കിൽ ആ ചിന്തകൾ എങ്ങനെ അവരിൽ ഉടലെടുക്കുന്നു എന്ന് ചിന്തിക്കുമ്പോൾ സമകാലീന ഇന്ത്യൻ രാഷ്ട്രീയ സ്ഥിതിഗതികളെയും നാം പഠന വിധേയമാക്കേണ്ടതുണ്ട്. കേരളം ഇന്ത്യയുടെ ഭാഗമായതുകൊണ്ടുതന്നെ ഈ മാറ്റങ്ങൾക്ക് കേരളവും വിധേയമാകുന്നുണ്ട്. പൂർവ്വകാല കേരളം ജാതിയാൽ വേർതിരിക്കപ്പെട്ടതും ആ വ്യവസ്ഥയാൽ ശിഥിലമാക്കപ്പെട്ടതുമാണ്. ബൂർഷ്വ സവർണ്ണ വിഭാഗങ്ങ

ളുടെ മൂലധന, അധികാര താത്പര്യങ്ങളായിരുന്നു അതിന് ആധാരം. ഇവിടെ വന്നു കയറിയ വൈദേശികരും അവരുടെ സാമ്രാജ്യത്വ മോഹ സാക്ഷാത്കാരത്തിന് വേണ്ടി ഇതിൽ ഭാഗഭാക്കുകളും പ്രോത്സാഹനമേകുകയും ചെയ്തു. എന്നാൽ മനുഷ്യനെ മനുഷ്യൻ എന്ന ഒറ്റ ജാതിയായി കാണുന്ന, അവന്റെ വിമോചനത്തെ സ്വപ്നം കാണുന്ന ചിന്താധാരകൾ ഇതിൽ നിന്നൊക്കെ ഒരു ഉഗ്ര പരിവർത്തനത്തിന് വഴിയൊരുക്കി.

ഇന്ത്യയിൽ മതേതര രാഷ്ട്രത്തിന്റെ കാലം അവസാനിച്ചിരിക്കുന്നു. ജാതി കേന്ദ്രീകൃതമായ രാഷ്ട്രീയം പതിയെ തുടച്ചു നീക്കപ്പെടുന്ന കാഴ്ചയാണ് ഏതാനും തിരഞ്ഞെടുപ്പുകളിലായി നാം കണ്ടുകൊണ്ടിരിക്കുന്നത്. ജാതിക്കുപകരം മതത്തെ പ്രതിഷ്ഠിച്ച് അതിന്റെ പേരിൽ ജനതയെ ഒന്നിച്ചും ഭിന്നിപ്പിച്ചും നിർത്തുകയെന്ന പുതിയ സമവാക്യത്തിന് തുടക്കം ലഭിച്ചിരിക്കുന്നു

ദളിത് ജനവിഭാഗങ്ങളുടെ ആശയാഭിലാഷങ്ങളെ പ്രതിനിധാനം ചെയ്തിരുന്ന ബഹുജൻ സമാജ്‌വാർട്ടി തുടങ്ങിയവ ഇന്ത്യൻ രാഷ്ട്രീയത്തിൽ നിന്ന് പതിയെ അപ്രത്യക്ഷമാകുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ദ്രാവിഡ രാഷ്ട്രീയവും ഈ പ്രതിസന്ധികളുടെ അല്ലെങ്കിൽ പരിവർത്തനത്തിന്റെ ഇരകളാണ്. ഈ മാറ്റങ്ങളുടെ അലയൊലികളാണ് ഇന്ന് കേരള സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

കേരള സമൂഹത്തെ മതത്തിന്റെ പേരിൽ ഒന്നിച്ചും ഭിന്നിച്ചും നിർത്താനുള്ള ആസൂത്രിത നീക്കങ്ങൾ മൂലധന ശക്തികളുടെ ഭാഗത്തു നിന്ന് ഉണ്ടാവുന്നുണ്ട്. ഈയിടെ മംഗലാപുരത്തു നിന്നും അടിയന്തിര ശസ്ത്രക്രിയക്കായി എറണാകുളത്തേക്കു ഒരു പിഞ്ചുകുഞ്ഞിനെ മതത്തിന്റെ പേരിൽ അപമാനിച്ചു നടപടി

60th Kerala School Kalolsavam, Nov 28 - Dec 1, 2019 _ Kasaragod

Item Code: 944 Participant Code: 9

ഏറെ വിവാദം സൃഷ്ടിച്ചിരുന്നു. ഏറ്റവുമൊടുവിൽ ശബരിമല സ്ത്രീപ്രവേശന വിധിയാണ് നവോത്ഥാനത്തിൽ നാം എത്രമാത്രം പിറകോട്ടുപോയിരിക്കുന്നു എന്ന് വിശദമാക്കിക്കാണിച്ചുതന്നത്. മാഴ്ച്ചുകളെ ജാതിചിന്തകളെ വരച്ചിടുന്നതായിരുന്നു പല പ്രസ്ഥാവനകളും പ്രവൃത്തികളും. നവോത്ഥാനനായകരുടെ വാക്കുകൾ വിസ്മരിക്കപ്പെട്ടും വളച്ചൊടിച്ചും പോകുന്നു. എൻ എസ് എസ് പോലെ മന്നത്ത് പദ്മനാഭൻ ജീവൻ നൽകിയ പ്രസ്ഥാനങ്ങൾ പുരോഗമന വിരുദ്ധമായ നിലപാടുകൾ സ്വീകരിക്കുന്നു. ചരിത്ര വസ്തുതകളെ തങ്ങളുടെ നിലപാടുകൾക്കനുസരിച്ച് വളച്ചൊടിച്ചാണ് സവർണ്ണ മേധാവിത്വ ശക്തികൾ തങ്ങളുടെ അധികാരം കാത്തുസൂക്ഷിക്കുന്നത്. ശ്രീനാരായണ ഗുരു അരുവിപ്പുറത്ത് സ്ഥാപിച്ച ശിവനെ ഈഴവ ശിവനാക്കി തങ്ങളുടെ താത്പര്യങ്ങളെ ഉയർത്തിപ്പിടിക്കുന്നു. അയ്യങ്കാളിയെ

തിരസ്കരിച്ച് ഗോൾവാൾക്കറെ സ്വീകരിക്കുന്ന. പേരിന്റെ അറ്റത്ത് ജാതി വാൽ മുറുക്കിപ്പിടിച്ച് നടക്കുന്ന ഇവരുടെ പ്രവർത്തനങ്ങൾക്ക് മാനവ വിരുദ്ധമായാണ്. ശ്രീനാരായണ ധർമ്മ പരിപാലന യോഗം ഈഴവരുടെ സംഘടനയാണെന്ന് പറയുന്ന അതിന്റെ ഇപ്പോഴത്തെ മേലധികാരികളുടേത്. ഒരിക്കൽ ഷേക്സ്പിയർ പറയുന്നുണ്ട് ലോകം നശിക്കാൻ കാരണം അറിവില്ലാത്തവരെക്കാൾ, അറിവുള്ളവരുടെ മൗനമാണെന്ന്. തങ്ങളുടെ രാഷ്ട്രീയ അധികാരതാത്പര്യത്തിന് വേണ്ടി ഇക്കൂട്ടർ ബലികൊടുക്കുന്നത് നമ്മുടെ പാരമ്പര്യത്തെ തന്നെയാണ്. ഗുരുവിന്റെ പിൻഗാമികളെന്ന് അവകാശപ്പെടുന്നവർ ഗുരുവിന്റെ പാതയെ വിസ്മരിച്ച് പരസ്പര വിദ്വേഷം പടർത്തിക്കൊണ്ടാണ് മുന്നോട്ട് പോകുന്നത്. കേരളം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളോട് തുല്യം ചാർത്താനാവു

ന്ന അവസ്ഥയിലേക്കാണോ നീങ്ങുന്നത് എന്ന ചിന്ത ഏവരെയും ആശങ്കപ്പെടുത്തുന്നു. മറ്റൊരു ബിൽക്കിസ് ബാനുവിന് ഈ നാട് ജന്മം നൽകാൻ അധികനേരം വേണ്ടിവരില്ല എന്ന ഭീതിദമായ യാഥാർത്ഥ്യത്തിലേക്കാണ് ഓരോ ദിനവും നാം മിഴിതുറക്കുന്നത്. ഏറിവരുന്ന ദുരഭിമാനക്കൊലകൾ നമ്മുടെ മനസ്സ് എത്രമാത്രം മലിമസമാക്കപ്പെടുന്നു എന്നതിന്റെ നേർചിത്രമാണ്.

കേരള നവോത്ഥാനത്തിൽ ഏറെ പങ്കുവഹിച്ച മാതൃഭൂമി പോലുള്ള വാർത്താമാധ്യമങ്ങൾ ഇന്ത്യയിലെ ഏറ്റവും വലിയ വർഗ്ഗീയ കക്ഷിയുടെ അധ്യക്ഷനെക്കൊണ്ട് ഗാന്ധി ജയന്തിദിനത്തിൽ അനുസ്മരണം എഴുതിക്കുന്ന അവസ്ഥയിലേക്ക് തരംതാണുപോകുന്നു. ചരമക്കോളങ്ങൾ മതാടിസ്ഥാനത്തിൽ പങ്കുവയ്ക്കുകയും മതവികാരങ്ങളെ പടർത്തി, പ്രീണനനയം

സ്വീകരിക്കുന്നു. ഇത്തരം ദൃശ്യ മാധ്യമങ്ങൾ
നിന്ന്. പകരുന്ന സന്ദേശമാണ് മനു
ഷ്യർ ഉൾക്കൊള്ളുന്നത്. പത്രങ്ങളുടെയും, ദൃശ്യ
മാധ്യമങ്ങളുടെയും ഇത്തരം പ്രവർത്ത
നങ്ങൾക്ക് കാരണമായി ചൂണ്ടിക്കാണിക്ക
പ്പെടുന്നത് അവരുടെ കുലധനത്തിന്റെ പ്ര
ങ്ങളാണ്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും
ജാതി മതചിന്തകൾക്ക് എങ്ങനെ കേരള
ത്തിൽ പോലും പ്രാധാന്യം ലഭിക്കുന്നു
എന്നത് പഠന വിധേയമാക്കേണ്ടതാ
ണ്. അന്തർദേശീയമായ ഒരു പ്രാധാന്യം
ഈ വിഷയത്തിനുണ്ട്. ഇന്ത്യയിൽ
ജാതിയും മതവുമാണെങ്കിൽ മറ്റു ദേശ
ങ്ങളിൽ വംശീയതയാണ് മനുഷ്യനെ
വേർതിരിക്കുന്നത്. ഏറ്റവും വലിയ സാമ്രാ
ജ്യത്വ രാജ്യമായ അമേരിക്കയുടെ ഇപ്പോ
ഴത്തെ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്
എന്ന സഹസ്ര കോടീശ്വരന്റെ വംശീയ

വിദ്വേഷം കലർന്ന പ്രസ്താവനകൾ നാം ഇതി
നോട്. ചേർത്തു വായിക്കുകയാണെങ്കിൽ
യഥാർത്ഥ പ്രശ്നങ്ങളുടെ ഉറവിടം നമു
ക്ക് വ്യക്തമാകും. ട്രംപ് എന്ന ബൂർഷ്വ
സാമ്രാജ്യത്വവാദി എന്തുകൊണ്ട് മനുഷ്യ
രെ വേർതിരിക്കുന്നു. അഭയാർത്ഥികളായ
പാവം ജനവിഭാഗങ്ങൾക്കുമേൽ പ്രഹ
രമേൽപ്പിക്കുന്നു എന്നും അന്വേഷിച്ചാൽ
അതിനു പിറകിൽ ഒളിഞ്ഞു കിടക്കുന്ന
മൂലധന താത്പര്യങ്ങളെ നമുക്ക് ദർശി
ക്കാം. മുതലാളിത്തത്താൽ നിയന്ത്രി
തമായ അമേരിക്കയിൽ ഭരണകൂടം
വെറും കളിപാവയ്ക്ക് സമമാണ്. ഇവിടെ
നിയന്ത്രണം ബൂർഷ്വകളുടെ കൈയിലാ
ണ്. മുതലാളിത്തത്തിന്റെ അടി
സ്ഥാന പ്രമാണം ലാഭമാണ്. പരസ്പ
രമുള്ള മത്സരം. ഈ മത്സരം ഇല്ലാ
തായാൽ മുതലാളിത്തം അവിടെ
മൃതിയടയുന്നു. അതുകൊണ്ടുതന്നെ

മനുഷ്യൻ എല്ലാകാലവും എന്തിന്റെയൊക്കെ പേരിൽ വിഘടിച്ചു നിന്നാൽ മാത്രമേ മുതലാളിത്തം നിലനിൽക്കുകയുള്ളൂ. ഈ നിലനിൽപ്പിനായാണ് ജാതി, മത, വംശീയ ചിന്തകളുടെ വിഭജനം ഇതുകൂടാതെ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. കേരളത്തെ സമത്വാധിഷ്ഠിതമാക്കിയതും. ദേശമാകെ മാറ്റുക എന്ന മുദ്രാവാക്യവുമായി അധികാരമേറ്റ ലോകത്തിന്റെ പ്രതീക്ഷയായി മാറിയ ആദ്യ ഇ.എം.എസ് മന്ത്രിസഭയെ താഴെയിറക്കുന്നതിനുവേണ്ടി അമേരിക്കൻ സാമ്രാജ്യത്വം കൂട്ടുപിടിച്ചത് കേരളത്തിലെ മത, ജാതി വർഗീയ കക്ഷികളെ ആണെന്നാണ് ഈ വാദങ്ങളെ സാധൂകരിക്കുന്നതാണ്. സമകാലീന ഇന്ത്യയിലെ എല്ലാ വർഗീയ, വലതുപക്ഷ പാർട്ടികളും ഫണ്ട് ചെയ്യപ്പെടുന്നത് 'ടെലൂറിയ' പോലുള്ള വമ്പൻ കുത്തക

കമ്പനികളാണെന്ന യാഥാർത്ഥ്യം നമ്മുടെ
മുന്നിലുണ്ട്. ഇന്ന് കൊച്ചു കേരളത്തി
ൽ കിടന്ന്.. ഇവിടുത്തെ ചിലരുടെ മാന
സികാവസ്ഥയുടെ ഫലം. മത സംവിധാന
ത്തിന്റെ ഫലം. മാത്രം. പ്രശ്നമായി ഒതു
ക്കി കളയാവുന്ന ഒന്നല്ല. നവോത്ഥാനത്തി
ന്റെ പിറകോട്ട് പോക്ക് അതിലേക്ക്
നയിക്കുന്ന. പലതും. കാര്യങ്ങൾ ഇവിടെ
നടക്കുന്നു. എന്ന. യാഥാർത്ഥ്യത്തെ.
അംഗീകരിക്കാതെ. മുന്നോട്ടു പോകുന്ന
ത്. വ്യർത്ഥമാണ്. കാരണം. കണ്ടെ
ത്തി കൊണ്ടുതന്നെ. വേണം. രോഗത്തെ
ചികിത്സിക്കാൻ. ഒരു ചെറിയ ജനവി
ഭാഗത്തെ. എന്നെന്നും. അടിച്ചമർ
ത്തികൊണ്ട്. അധികാരം. നിലനിർത്തി
ൽ.. കൊളോണിയൽ വാദികൾ തുടങ്ങി
ഇന്ന്. മുതലാളിത്ത വാദികളാൽ തുട
ർന്നു പോകുന്ന. ഒന്നാണ് ഇന്നത്തെ
ന്ന. ബോധ്യം. ജനങ്ങളിൽ സൃഷ്ടിക്കാ
ന്ന

ഈ പ്രശ്നങ്ങൾക്ക് ഒരു ശാശ്വതപരിഹാ
രമോ. കേരളത്തിന് പൂർണ്ണ തോതി
ലുള്ള മനുഷ്യ വിമോചനമോ സാധ്യ
മല്ല. 'മതമില്ലാത്ത രാഷ്ട്രീയം അധാർ
മികമാണെന്ന്' പറഞ്ഞ ഗാന്ധിജി
യെത്തന്നെ കൂട്ടിക്കെട്ടിയത് സർവമതങ്ങളോട്
സമഭാവനയെന്ന യാഥാർത്ഥ്യത്തെ മാറ്റി
വച്ച് രാഷ്ട്രീയത്തെ മതാധിഷ്ഠിത
മാക്കി കാണുന്ന രാഷ്ട്രീയ കക്ഷികളുടെ സ്വാ
ധീനം കേരളത്തിൽ കൂടി വരുന്ന സാ
ഹചര്യത്തിൽ 'വാതത്തിന് കുറുന്തോട്ടി
യെന്ന പോലെ' വർഗ്ഗീയതയ്ക്ക് മരുന്ന്
ഒന്നേയുള്ളൂ മനുഷ്യനിൽ ചിന്താശേ
ഷി വളർത്തുക. തന്നോട് തന്നെ തുറ
ന്ന് സംവദിക്കാനും കാര്യങ്ങളെ യുക്തി
പൂർവ്വം വിലയിരുത്താനും പഠിപ്പി
ക്കുക. ഈ ലക്ഷ്യങ്ങളോടെ ആരംഭിച്ച
പുരോഗമന കലാ സാഹിത്യ വേദി, കേരള
ശാസ്ത്ര സാഹിത്യ പരിഷത്ത് തുടങ്ങി
യവ

ലൂടെ പ്രവർത്തനങ്ങളെ നാം വീണ്ടും ചടുലമാക്കേണ്ടതുണ്ട്.

കേരള നവോത്ഥാനം ഇന്നു നേരിടുന്ന വെല്ലുവിളികളെയും അതിനുള്ള ആഴത്തിലുള്ള കാരണങ്ങളെയും നാം വിശകലനം ചെയ്ത് കഴിഞ്ഞു. ഇനി ആവശ്യം പ്രവർത്തനങ്ങളാണ്. ഇത് കേരളത്തിന്റെ പുരോഗമന മനസ്ഥിതിയിലൂടെ വീണ്ടെടുപ്പിനായുള്ള മനുഷ്യ വിമോചനത്തിനായുള്ള ഒരു പോരാട്ടമാണ്. ഈ പോരാട്ട വീഥിയിൽ നമുക്കാവശ്യം ഗാന്ധിജി പറഞ്ഞതുപോലെ "നിനക്കെതിരെ നിൽക്കുന്നവനും നീ തന്നെയാണ്. അവന്റെ പോരായ്മകൾ നിന്റേയും - നീയും അവനും വ്യത്യസ്ത സാഹചര്യങ്ങളിൽ ഒരേ ലക്ഷ്യത്തിനായി പോരാടുന്നവർ മാത്രം".

മാനവ വിമോചനത്തിന് പ്രതിനിധി സ്വീകരിക്കുന്ന എല്ലാ ബൂർഷ്വ ശക്തികളെ

ഇതും നിഷ്കരുണം ജനങ്ങളുടെ മുൻപിൽ തുറന്നു കാട്ടേണ്ടതുണ്ട്. നിങ്ങളെ വേർതിരിച്ചു നിർത്തി അവരുടെ സ്വാർത്ഥ മോഹങ്ങൾ നടപ്പിലാക്കാൻ വേണ്ടി മാത്രം നടത്തുന്ന പ്രഹസനങ്ങൾ മാത്രമാണ് ജാതി, വംശം, മത വേർതിരിവുകൾ എന്ന് അവരെ പറഞ്ഞു പഠിപ്പിക്കേണ്ടിയിരിക്കുന്നു സത്യത്തെ തിരിച്ചറിയാനും ഇത്തരം വിധ്വംസക ശക്തികൾക്കെതിരെ പോരാടുനും അവരെ ഉന്മൂലനം ചെയ്യാനുമുള്ള പോരാട്ടത്തിനായി അവരെ പ്രാപ്തരാക്കേണ്ടിയിരിക്കുന്നു. ഈ മാതൃക നടപ്പാക്കി ലോകത്തിനു മുൻപിൽ അവതരിപ്പിക്കാൻ കഴിവുറ്റ വേറൊരും മണ്ണും ലോകത്തില്ല കാരണം ഈ ഗുരുവിന് ജന്മനൽകിയ, അള്ളാഹുവിനെ ആരാധിക്കുന്ന എല്ലാവരെയും സഹോദര

നായി കാണാൻ പഠിപ്പിച്ച അയ്യപ്പന്റെ
എല്ലാം നാടാണ് ആ ചിന്തയാണ്
നമ്മിൽ അടങ്ങിയിരിക്കുന്നത് എന്ന്
ബോധ്യത്തോടെ വേണം നിന്റെ മതം
എന്റെ മതം വിമോചനത്തിന് തടസ്സം
സൃഷ്ടിക്കുന്ന എല്ലാവർക്കുമെതി
രെ മതം പോരാടാൻ. മാർക്സിന്റെ
പാത പിന്തുടരാൻ ഗുരുവിനെ നെഞ്ചേ
റ്റാൻ അയ്യങ്കാളിയെ ജീവശ്വാസമാക്കാ
ൻ നമുക്ക് അവരെ പ്രാപ്തരാക്കാം
"തിരിച്ചു വന്നിടാത്ത ദൂരയാത്രയല്ലി
തെൻ സഖാക്കളെ .... "
മനുഷ്യവിമോചനത്തിനായി പ്രവർത്തിക്കട്ടെ!